കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# [www.lfa.kerala.gov.in](http://www.lfa.kerala.gov.in)

# തൃക്കുന്നപ്പുഴഗ്രാമപഞ്ചായത്ത്.

ഓഡിറ്റ് റിപ്പോർട്ട്

## 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി3-15/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 07.02.2019

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3ഇവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി3-15/19 തീയതി : 07.02.2019

## ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(*1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.10.2017 മുതൽ 29.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 20.12.2018 മുതൽ<br>31.12.2018വരെ | ശ്രീമതി. സുജ. എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി. രാജശ്രീ. വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി. ഷീബ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ. സുനിൽ. കെ. ബി, ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. അമ്മിണി. ബി. | 01.4.2017 മുതൽ 31.03.2018 വരെ. |

2) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. ഒ. ഹാരിസ് | 01.4.2017 മുതൽ 31.3.18 വരെ. |
| 2 | വികസനകാര്യം | ശ്രീമതി. സി. ആർ. ഓമന | 01.4.2017 മുതൽ 31.3.18 വരെ. |

| | | | |
|---|---|---|---|
| 3 | ക്ഷേമകാര്യം - | ശ്രീ. സുധിലാൽ | 01.4.2017 മുതൽ 31.3.18 വരെ. |
| 4 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി. മൈമൂനത്ത് | 01.4.2017 മുതൽ 31.3.18 വരെ. |

3) സെക്രട്ടറി

| പേര്. | കാലയളവ്. |
|---|---|
| ശ്രീ. ജെ. എസ്. സന്തോഷ് കുമാർ | 01-04-2017 മുതൽ 15-04-2017 വരെ |
| ശ്രീ. മണിക്കുട്ടൻ. | 16-04-2017 മുതൽ 26-04-2017 വരെ |
| ശ്രീമതി. സിന്ധു. ആർ. എസ്. | 27-04-2017 മുതൽ 05-06-2017 വരെ |
| ശ്രീ. സലിൽ. എ. സോണി. | 06-06-2017 മുതൽ 21-02-2018 വരെ |
| ശ്രീമതി. സബീന. | 22-02-2018 മുതൽ 31-03-2018 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ബിജി ജോയ്<br>ശ്രീ. സുനിൽ.<br>ശ്രീമതി. മീര. | 01.04.2017 മുതൽ 15-07-2017വരെ<br>16-07-17 മുതൽ 31-10-2017 വരെ<br>01-11-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ബിനിൽ. ബി. ചന്ദ്രൻ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.റോസ്‌ലിൻ ജയ്സൺ | 01.04.2017 മുതൽ 03.06.2017 FN വരെ |
| | ശ്രീമതി. റസ്സൽ ബിന്ദ്. കെ | 03.06.2017 AN മുതൽ 30.09.2017 വരെ |
| | ശ്രീമതി. രാഖി. റ്റി. സജൻ | 01.10.2017 മുതൽ 23.01.2018 FN വരെ |
| | ശ്രീമതി. പ്രീത കുമാരി | 23.01.2018 AN മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഗവ. ഫിഷറീസ് ഹോസ്പിറ്റൽ | ഡോ. ശ്രീകല. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ. | ഡോ. മനു. എ. കെ<br>ഡോ. ഹാരിയറ്റ് ജെറാൾഡ്<br>ഡോ. സിജി. റ്റി. ജി<br>ഡോ. ഹാരിയറ്റ് ജെറാൾഡ് | 01-04-2017 മുതൽ 23-04-2017 വരെ<br>24-04-2017 മുതൽ 26-09-2017 വരെ<br>27-09-2017 മുതൽ 26-12-2017 വരെ<br>27-12-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം). | ശ്രീമതി. അനിത വർഗ്ഗീസ് | 01.04.2017 മുതൽ 31.03.2018 വരെ. |
| ഡയറി ഫാം ഇൻസ്പെക്ടർ. | ശ്രീ. അപ്പൻ. വി. ആർ | 01.04.2017 മുതൽ 31.03.2018വരെ |
| ഹെഡ്. മിസ്ട്രസ്സ്, ഗവ. ജി.എൽ.പി. എസ്, തൃക്കുന്നപ്പുഴ | ശ്രീമതി. ശ്രീദേവി. എം. എം | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. ഷാജിലാൽ. കെ. | 01.04.2017 മുതൽ 07.10.2017 വരെ |
| | ശ്രീ. രാജൻ. സി. | 07.10.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അബ്ദുൾ അഫാർ. | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ. രതീഷ്. ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി. | ശ്രീ. മണിക്കുട്ടൻ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ. | ശ്രീ. ഹാഷിദ്. എച്ച് | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം -1 | | |
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം -2 | | |
| 2 | 2-1 | വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് |
| 3 | 2-2 | വാണിജ്യകെട്ടിടത്തിന് പണി പൂർത്തിയായിട്ടും വസ്തു നികുതി നിർണ്ണയിച്ച് നൽകിയില്ല |
| 4 | 2-3 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല |
| 5 | 2-4 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 6 | 2-5 | പ്ലാസ്റ്റിക് ക്യാരി ബാഗുകളിലൂടെയുള്ള വിപണനം സംബന്ധിച്ച് |
| 7 | 2-6 | തനത് ഫണ്ട് - പലിശയിനത്തിൽ വരവില്ല |

| | | |
|---|---|---|
| 8 | 2-7 | അഡ്വാൻസുകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച് |
| ഭാഗം -3 | | |
| 9 | 3-1 | ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം - പദ്ധതി ആസൂത്രണത്തിലെ പാളിച്ച – ഫണ്ട് നഷ്ടപ്പെട്ടു |
| 10 | 3-2 | രണ്ട് ടെണ്ടർ ലഭിച്ചിട്ടും സിംഗിൾ ടെണ്ടർ എന്ന കാരണത്താൽ കുറവ് നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി |
| 11 | 3-3 | ഫിഷറീസ് ആശുപത്രിയ്ക്ക് ചുറ്റുമതിലും ഗ്രൌണ്ട് ഫില്ലിംഗും- സ്ഥലം പഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടില്ല |
| 12 | 3-4 | തൊഴിലുറപ്പ് പദ്ധതി - അപാകതകൾ |
| 14 | 3-5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല |
| 15 | 3-6 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക – വിനിയോഗ സാക്ഷ്യപത്രമില്ല |
| 16 | 3-7 | ഇ.എം.എസ് ലോൺ തിരിച്ചടവ് - ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക ലോണെടുത്ത സഹകരണബാങ്കിൽ ലഭിക്കാഞ്ഞത് സംബന്ധിച്ച് |
| 17 | 3-8 | ഓവർലോഡിന് പിഴ-നടപടിക്രമങ്ങളിലെ കാലതാമസം പഞ്ചായത്തിന് ബാദ്ധ്യതയായി |
| 18 | 3-9 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്തത് സംബന്ധിച്ച് |
| 19 | 3-10 | ഡയാലിസിസ് കിറ്റുകൾ വാങ്ങിയത് സംബന്ധിച്ച് |
| 20 | 3-11 | മഴക്കാല പൂർവ്വ ശുചീകരണത്തിനായി ലഭിക്കുന്ന ഫണ്ടുകൾ |
| 21 | 3-12 | മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ- പദ്ധതി നടപ്പായില്ല |
| 22 | 3-13 | ഹരിത കർമ്മ സേന – പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല |
| 23 | 3-14 | ക്ഷേമപെൻഷൻ-ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഇടപെടൽ കാര്യക്ഷമമാക്കണം |
| 24 | 3-15 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അവലോകനം |
| 25 | 3-16 | അംഗൻവാടികളുടെ ഭൌതിക സാഹചര്യങ്ങൾ അവലോകനം |
| 26 | 3-17 | വിനിയോഗ രേഖ ഹാജരാക്കിയില്ല |
| 27 | 3-18 | സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൌണ്ട് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| ഭാഗം -4 | | |

| | | |
|---|---|---|
| | 4-1 മുതൽ<br>4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| | അനുബന്ധം 2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 18.03.17 തീയതിയിലെ 1(1) --ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. 05.03.2018 ലെ 1 തീയതിയിൽ ബജറ്റ് പുതുക്കിയിട്ടുണ്ട്

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 158435000 | 153535550 |
| വാർഷിക കണക്ക് പ്രകാരം (മുന്നിരിപ്പ് ഉൾപ്പടെ) | 81236335.13 | 65873568 |

ബഡ്ജറ്റ് രൂപീകരണം മാന്വൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചില്ല.

ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ പഞ്ചായത്തുകൾക്കായുള്ള പുതുക്കിയ മാന്വൽ പ്രകാരം നിർദ്ദേശിച്ചിരുന്ന താഴെ പറയുന്നവ പാലിക്കാതെയാണ് ബജറ്റ് രൂപീകരിച്ചത് എന്ന് വ്യക്തമാകുകയുണ്ടായി.

1. ബഡ്ജറ്റ് രൂപീകരിക്കുന്നതിനായി വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപനമേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർത്തിട്ടില്ല.
2. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യകമ്മറ്റിക്ക് സമർപ്പിച്ചതായി മിനിട്സ് പരിശോധിച്ചതിൽ കാണുന്നില്ല.
3. ബജറ്റ് സംബന്ധിച്ച വിവരങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പരിശോധനക്കും നിർദ്ദേശങ്ങൾക്കുമായി നൽകുകയോ ഇവയുടെ നിർദ്ദേശങ്ങളും ശുപാർശകളും കൂടി ഉൾപ്പെടുത്തി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
4. നോൺപ്ലാൻ ചെലവുകളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ചല്ല ബഡ്ജറ്റ് രൂപീകരിച്ചത്.
5. ബഡ്ജറ്റ് ഫയൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
6. റിവൈസ്ഡ് ബഡ്ജറ്റ് 16-3-18ൽ 2(1)നമ്പരായി ഭരണസമതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാന്റിംഗ്കമ്മറ്റി ചർച്ചചെയ്തതായി കാണുന്നില്ല.

ബജറ്റ് രൂപീകരണത്തിൽ മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ധനകാര്യസ്ഥിരം സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 22-5-2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

KSAALP.GA4.1126(67)/2018. പ്രകാരം സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 15145821.13 |
| വരവ് | 66090514.00 |
| ആകെ | 81236335.13 |
| ചെലവ് | 65873568 |
| നീക്കിയിരിപ്പ് | 15362767.13 |

## 1-5 ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം)

| ഫണ്ടിനം. | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 19072530 | 19072530 | 17904044 | 1168486 |
| എസ്.സി. പി | | 2562434 | 2562434 | 2442294 | 120140 |
| സി.എഫ്. സി | | 8841307 | 8841307 | 8843578 | 34 |
| കെ.എൽ.ജി.എസ്.ഡി.പി | | 4341307 | 4341307 | 2905270 | 1436037 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 4473554 | 4473554 | 2061072 | 2412482 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 4079000 | 4079000 | 4069689 | 9311 |
| എൻ.ആർ. ഇ. ജി. എസ് | 136218 | 94745205 | 94881423 | 93922662 | 958761 |
| ബി.ഫണ്ട് | 0 | 37388400 | 37388400 | 37388400 | 0 |
| ദുരിതാശ്വാസഫണ്ട്. | 757 | -0 | 757 | 88 | 669 |
| ഡി.സി.ബി - സാക്ഷരത. | 24440 | 31200 | 55640 | 142 | 55498 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ. ഇ-പെയ്മെന്റ് | 0 | 457138 | 457138 | 0 | 457138 |
| ട്രഷറി-റ്റിഎസ്ബി -ജോയിന്റ് വെഞ്ചർ. | 187040 | 3459440 | 3646480 | 2246340 | 1400140 |
| ഡി.സി.ബി. ഓൺഫണ്ട് | 6430702.13 | 7969046 | 14399748.13 | 7570167. | 6829581.13 |
| ട്രഷറി-റ്റിഎസ്ബി (ജനറൽപർപ്പസ്) | 6396813 | 11567588 | 17959401 | 14467602 | 3491799 |
| ഐസിഡിഎസ്സ് | 825962 | 303263 | 1129225 | 953237 | 175988 |
| ശുചിത്വമിഷൻ. | 242215 | 1036420 | 1278635 | 581506 | 697129 |
| എസ്സ്.ബി.ഐ. ഇ- പേയ്മെന്റ്. | - | 457138 | 457138 | 0 | 457138 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ഉപേക്ഷിച്ചവ. (എണ്ണം) | സ്പിൽ ഓവർ ആക്കിയവ. | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|---|
| 194 | 74375996 | 126 | 47592634 | 15 | 12 | 41 | 64.9% |

## 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ്. | വരവ്. | ആകെ. | ചെലവ്. | നീക്കിയിരിപ്പ്. |
|---|---|---|---|---|---|
| ഭരണചെലവുകൾ. | 136218 | 2422974 | 2559192 | 1600431 | 958761 |
| തൊഴിലാളികളുടെ വേതനം | 0 | 92322231 | 92322231 | 92322231 | |
| ആകെ | 136218 | 94745205 | 94881423 | 93922662 | 958761 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 277000 | 374 |
| കർഷകതൊഴിലാളി പെൻഷൻ | 1216000 | 106 |
| വിധവാപെൻഷൻ | 8492100 | 48 |
| വാർദ്ധക്യകാലപെൻഷൻ | 22346400 | 2210 |
| വികലാംഗപെൻഷൻ | 4567100 | 405 |
| അവിവാഹിത പെൻഷൻ. | 496800 | 48 |
| ആകെ | 37395400 | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2018 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 3.10 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29589/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

1. ഓഫീസ് ഓർഡർ തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകിയിരുന്നു. ഒരു ഇടപാടിന്റെ എല്ലാഘടകങ്ങളും ഒരു ജീവനക്കാരനിൽ കേന്ദ്രീകരിക്കാത്ത രീതിയിൽ ജോലി വിഭജനം നടത്തിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധി പാലിക്കുന്നതിനായി ജീവനക്കാരുടെ ഓരോ തലത്തിലും സമയപരിധി നിശ്ചയിച്ച് സെക്രട്ടറി ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. ഓരോ സെക്ഷനും ലഭിക്കുന്ന അപേക്ഷകൾ സേവനാവകാശ നിയമപ്രകാരമുള്ള കാലയളവിനുള്ളിൽ ഡിസ്പോസ് ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തത്തക്ക വിധം പെഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സൂചിക സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് കാലയളവിൽ ഡിസ്പോസൽ സംബന്ധിച്ച വിവരങ്ങൾ ഇതിൽ നിന്നും ലഭിക്കുന്നില്ല. എന്നാൽ ഇപ്പോൾ സൂചികയിൽ ഈ വിവരങ്ങൾ ലഭ്യമാണ്. ക്ഷേമപെൻഷനുകൾക്കായി ലഭിച്ച അപേക്ഷകളുടെ തൽസ്ഥിതി അറിയുന്നവിധത്തിൽ ഒരു രജിസ്റ്റർ സൂക്ഷിക്കാത്തത് പുരോഗതി വിലയിരുത്തലിന് തടസ്സമാണ്.
2. മാന്വൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്
3. പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിലെ പുറമ്പോക്ക് സംബന്ധിച്ചഭാഗങ്ങൾ അപൂർണ്ണമാണ് മുൻവർഷങ്ങളിൽ പഞ്ചായത്ത് ആർജിച്ച വസ്തുക്കളുടെ ഉടമസ്ഥാവകാശരേഖകൾ അപൂർണ്ണമാണ്. വസ്തുക്കൾ പഞ്ചായത്തിന്റെ പേരിലാക്കി കരം

ഒടുക്കുന്നില്ല.

4. വാങ്ങലുകൾ നടത്തുന്നതിൽ പലപ്പോഴം പ്രൊക്യൂവർമെന്റ് മാന്വലിൽ നിന്ന് വ്യതിചലിക്കുന്നതായി കാണുന്നു.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല
5. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-12-18 | 11/18 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/12/17. | 2012-13 മുതൽ 2016-17 വരെ | 16-02-2018 |

## 1-12 വാർഷികകണക്കിലെ അപാകതകൾ.

ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിരുന്ന വാർഷികകണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. വാർഷിക കണക്കിൽ ബ്ലോക്കിൽ നിന്നുള്ള സംയുക്ത പ്രോജക്ടുകളുടെ വിഹിതം 25,00,000/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഇതിൽ 9,00,000/- രൂപ അഗതി- ആശ്രയ പ്രോജക്ടുകൾക്കായി നൽകിയ തുകയാണ്. ഗ്രാമപഞ്ചായത്തിന്റെ സംയുക്ത പ്രോജക്ടിൽപ്പെടുന്ന തുകയല്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച്.

2017-2018 വർഷം പിരിഞ്ഞു കിട്ടുവാനുള്ള വസ്തു നികുതി കുടിശിക കറന്റും, അരിയറും ഉൾപ്പടെ ആകെ 12,42,403/- രൂപയാണെന്നു കാണുന്നു. മറ്റു വരുമാന മാർഗ്ഗങ്ങൾ തീരെ പരിമിതമായ പഞ്ചായത്തിൽ, തനതുവരുമാനത്തിന്റെ ഏറ്റവും പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതിയിൽ ഇത്രയും ഭീമമായ തുക കുടിശിക നിലനിൽക്കുന്നതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണം - 24 നുള്ള മറുപടിയിൽ സി.ആർ.ഇസഡ്. മേഖലയിലുള്ള യു.എ. നമ്പർ നൽകി അധികനികുതി ചുമത്തിയിട്ടുള്ള കെട്ടടങ്ങളുടെ നികുതിയാണ് പിരിഞ്ഞുകിട്ടാനുള്ളത് എന്നും ഈവർഷം നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## 2-2 വാണിജ്യകെട്ടിടത്തിന് പണി പൂർത്തിയായിട്ടും വസ്തു നികുതി നിർണ്ണയിച്ച് നൽകിയിട്ടില്ല.

ശ്രീ. കലാധരൻ, ശ്രീമതി.ദേവിക കലാധരൻ, എന്നിവർക്ക് തങ്ങളുടെ അധീനതയിലുള്ള സ്ഥലത്ത് 1996.52 സ്ക്വ.മീ. വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പണിയാൻ 20-06-2011 ൽ പഞ്ചായത്ത് അനുമതി നൽകിയിരുന്നു. എന്നാൽ ഇന്നേ വരെ ഈ കെട്ടിടം പണി പൂർത്തിയായതായി കാണുന്നില്ല. ഇതിന്റെ പെർമിറ്റ് പുതുക്കി നൽകിയിരിക്കുന്നത് കാലാവധി കഴിഞ്ഞ് ഒരു വർഷത്തിന് ശേഷം, 05/08/2015-ലാണ്. തുടർന്ന് പുതുക്കിയതായി കാണുന്നില്ല. ഇതിനിടയിൽ 19/10/2016 ൽ കെട്ടിടം പണി പൂർത്തിയായെന്ന് കാണിച്ച് ഒരു അപേക്ഷ ഫയലിൽ കാണുന്നു. അതിൽ 1521.03 സ്ക്വ.മീ. കെട്ടിടമെന്നാണ് കാണിച്ചിരിക്കുന്നത്. ഇതിന്റെ നിജസ്ഥിതി വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണം - 24 നുള്ള മറുപടി യിൽ 19-10-2016ൽ കെട്ടിടം പൂർത്തിയായി കംപ്ലീഷൻ പ്ലാൻ നൽകിയിട്ടുള്ളതായി അറിയിച്ചു. CRZമേഖലയിലായതിനാൽ KCZMAഅനുമതി ആവശ്യമായതിനാലാണ് നികുതി നിർണ്ണയിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി അനധികൃതനിർമ്മാണത്തിന്റെ വകുപ്പിൽ പെടുന്നതാണെങ്കിൽ യു.എ നമ്പർ നല്കി അധികനികുതി ഇടാക്കേണ്ടതും, അല്ലാത്തപക്ഷം സ്വാഭാവിക നികുതി ഈടാക്കേണ്ടതുമാണ്.

## 2-3 സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

കേരള സംസ്ഥാന ബീവറേസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകൾ, 2017-18 ഒന്നും, രണ്ടും അർദ്ധവർഷങ്ങളിലും, മുത്തൂറ്റ് ഫിൻ കോർപ്പ് രണ്ടാം അർദ്ധവർഷത്തിലും സ്ഥാപനനികുതി അടവാക്കിയതായി കാണുന്നില്ല. ജീവനക്കാരുടെ നികുതി ഒടുക്ക വരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം - 24 ന് മറുപടി ലഭ്യമാക്കിയില്ല. നികുതി ഈടാക്കി തനതു ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

താഴെ പറയുന്ന കരാറുകാർ ഈ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയതായി ടെൻഡർ രജിസ്റ്റർ പരിശോധനയിൽ കാണുന്നു. ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം - 14 ന് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് ഈ കരാറുകാർ 60 ദിവസം തുടർച്ചയായി പഞ്ചായത്തിൽ ജോലി ചെയ്തിട്ടില്ല എന്നും അതുകൊണ്ട് അവരിൽ നിന്നും നികുതി ഈടാക്കുവാൻ സാധിക്കില്ല എന്നുമാണ്. എന്നാൽ ഇതിന്റെ വിശദാംശങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. ഇവരിൽ ഭൂരിഭാഗം പേരും ഒന്നോ അതിലധികമോ മരാമത്ത് വേലകൾ ഏറ്റെടുത്തു ചെയ്തിട്ടുള്ളവരാണ്. മരാമത്ത് വേലകൾ പൂർത്തിയാക്കാൻ കുറഞ്ഞത് 90 ദിവസം എടുത്തിട്ടുള്ളതുമാണെന്ന് എഗ്രിമെന്റ് രജിസ്റ്റർ വ്യക്തമാക്കുന്നു.ആകയാൽ മറുപടി അംഗീകരിക്കാൻ ആവില്ല.കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്.

1. തോമസ്സ് ഫിലിപ്പ്, എം. റ്റി. നിവാസ്, ആറാട്ടുപുഴ
2. ഷെരീഫ്, പൊന്നന്റേടത്ത്, ആറാട്ടുപുഴ
3. മനോഹരൻ,താഴ്ചയിൽ കിഴക്കേടത്ത് വടക്ക്, വലിയപറമ്പിൽ
4. ശിവപ്രസാദ്,മീനത്തിൽ, പെരുമ്പുള്ളി, ആറാട്ടുപുഴ
5. ബാബു ഗോപാലൻ, പുത്തൻ വീട്ടിൽ, എരിക്കാവ്
6. വിനു.ആർ,മുണ്ടോലിക്കാലിൽ വടക്കേതിൽ, എരിക്കാവ്
7. മനോഹരൻ, ലക്ഷ്മിഭവനം, എരിക്കാവ്
8. സന്തോഷ് കുമാർ, വിലയിൽപറമ്പിൽ, എരിക്കാവ്
9. മനോജ്കുമാർ, നൈവേദ്യം, മലമേൽ ഭാഗം
10. സന്തോഷ് കുമാർ, സന്തോഷ് ഭവനം, മലമേൽ ഭാഗം
11. മുഹമ്മദ് ഷാഫി, കാട്ടിൽ ഹൗസ്, പുന്നൂർ

## 2-5 പ്ലാസ്റ്റിക് ക്യാരി ബാഗുകളിലൂടെയുള്ള വിപണനം സംബന്ധിച്ച്.

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ഉപയോഗം സംബന്ധിച്ച്, തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 24-09-16ലെ 576/ഡിസി1/16/തസ്വഭവ. സർക്കുലർ പ്രകാരം കച്ചവടക്കാർ വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വേണം വിതരണം നടത്തേണ്ടത്. ഇങ്ങനെ കച്ചവടം നടത്തുന്ന വ്യാപാരികളും, തെരുവു കച്ചവടക്കാരും അതത് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇവരിൽനിന്നും പ്രതിമാസം കുറഞ്ഞത് 4000/-രൂപ ഒരു വർഷം 48000/-രൂപ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസായി ഈടാക്കി മേൽപ്രകാരം രജിസ്റ്റർ ചെയ്യണം. ഇത് സംബന്ധിച്ച് പഞ്ചായത്ത് എന്തെങ്കിലും തീരുമാനം എടുത്തതായി കാണുന്നില്ല. തന്നെയുമല്ല, പ്ലാസ്റ്റികിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനായി പഞ്ചായത്ത് പ്രദേശത്ത് നിലവിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് നിരോധനമുള്ളതായും കാണുന്നില്ല. ഈ വക കാര്യങ്ങളിൽ വിശദീകരണം ചോദിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം - 25 നുള്ള മറുപടിയിൽ കടകൾ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ല എന്നും, പ്ലാസ്റ്റിക് നിർമ്മാർജന ഫീസ് ഈടാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിനായി സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടേയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും അടിയന്തിര

ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-6 തനതു ഫണ്ട് പലിശയിനത്തിൽ വരവില്ല.

ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട്, ജില്ലാ സഹകരണ ബാങ്കിന്റെ തൃക്കുന്നപ്പുഴ ശാഖയിലെ 4023/11/01/000005 -ാം നമ്പർ അക്കൌണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. പാസ്സ് ബുക്ക് പരിശോധിച്ചതിൽ 2017-18 വർഷം ശരാശരി 58 ലക്ഷത്തോളം രൂപ ഈ അക്കൌണ്ടിൽ പ്രതിമാസം നീക്കിയിരുപ്പുണ്ട്. ഇത്രയും വലിയ തുക നീക്കിയിരുപ്പുണ്ടായിട്ടും ഒരു രൂപ പോലും ഈ അക്കൌണ്ടിൽ നിന്നും ഇന്നേ വരെ പലിശയിനത്തിൽ പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. പലിശ വരവ് ലഭിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 11 ന് നൽകിയ മറുപടിയിൽ ഈ അക്കൌണ്ട് കറന്റ് അക്കൌണ്ടായാണ് നിലനിർത്തിയിരിക്കുന്നതെന്ന് പറഞ്ഞിട്ടുണ്ട്.

അതുകൊണ്ട് തന്നെ ഇത്രയും വലിയ തുക നീക്കിയിരുപ്പുണ്ടായിട്ടും ഒരു രൂപ പോലും ഇന്നേ വരെ പലിശയിനത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വലിയ സാമ്പത്തിക നഷ്ടമാണ് ഈയിനത്തിൽ പഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അക്കൌണ്ട് കീപ്പിംഗ് ചാർജ്ജ് അടക്കം ബാങ്കിന് നൽകി, പലിശയിനത്തിൽ ലക്ഷത്തിൽപ്പരം രൂപ നഷ്ടപ്പെടുത്തി ഈ അക്കൌണ്ട് കറന്റ് അക്കൌണ്ടിൽ നിലനിർത്തിയിരിക്കുന്നത് എത്രയും വേഗം മാറ്റേണ്ടതാണ്.

ഈയിനത്തിൽ 2017-18 ൽ പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ ഏകദേശ കണക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| 01-04-2017 മുതൽ 31-03-2018 വരെ ജില്ലാ സഹകരണ ബാങ്കിൽ എത്തിച്ചേർന്ന പണം | 6,97,30,929/- രൂ. |
| 01-04-2017 മുതൽ 31-03-2018 വരെ പ്രതിമാസ ശരാശരി | 58,10,911/- രൂ. |
| 2017-18 ൽ ലഭ്യമാകുമായിരുന്ന പലിശ (3.5% നിരക്കിൽ) | 2,03,381/- രൂ. |
| പ്രതിമാസം പലിശയിനത്തിൽ പഞ്ചായത്തിന് നഷ്ടം | 16,998/- രൂ. |

നാഷണലൈസ്ഡ് ബാങ്കുകളിൽ ലഭ്യമാകുന്ന സ്വീപ്പ്-ഇൻ-സ്വീപ്പ് ഔട്ട് പോലെയുള്ള ഹ്രസ്വകാല നിക്ഷേപങ്ങളിലേയ്ക്ക് ഇത്രയും തുക മാറ്റിയിരുന്നെങ്കിൽ പലിശ നിരക്ക് 7% ആയി ഉയരുമായിരുന്നു. ഇങ്ങനെ നിക്ഷപിക്കുന്ന പണം എപ്പോൾ വേണമെങ്കിലും പഞ്ചായത്തിന് പിൻവലിക്കുകയുമാവാം. പണം നിക്ഷേപിക്കുന്നതിന് ഇങ്ങനെയുള്ള നിരവധി സംവിധാനങ്ങൾ ഉണ്ടായിരിക്കെ, അതൊന്നും പ്രയോജനപ്പെടുത്താതെ, പഞ്ചായത്തിന് ലഭിക്കേണ്ടുന്ന പലിശ നഷ്ടപ്പെടുത്തുന്നത് ശരിയായ പ്രവണതയല്ല. വിഷയം ഭരണസമിതിയുടേയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-7 അഡ്വാൻസുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ച്.

വാർഷികകണക്കുപ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 13000/- രൂപ തിരികെ ലഭിക്കാനുണ്ട്. ശ്രീമതി. ലതിക, യു.ഡി. ക്ലാർക്ക് 2013ൽ ഓണം അഡ്വാൻസ് എടുത്ത 1000/- രൂപയും ശ്രീമതി. ശാലിനി, ക്ലാർക്ക് 2017-18-ൽ എടുത്ത 12000/- രൂപയുമാണ് ക്രമീകരിക്കാൻ ബാക്കി നില്ക്കുന്നത്. ശ്രീമതി. ശാലിനി ഈ തുക 2018-19 ൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ശ്രീമതി. ലതിക തുക ഒടുക്കിയിട്ടില്ല. പഞ്ചായത്തിനു ലഭിക്കേണ്ട 1000/- രൂപ തിരികെ ഈടാക്കേണ്ടതാണ്. സാക്ഷരതപ്രേരകന്മാർക്കുള്ള ഓണറേറിയം തനതുഫണ്ടിൽ നിന്നും നൽകിയതിൽ 116240/- രൂപയും തിരികെ ലഭിക്കാനുള്ളതായി വാർഷികകണക്കു വ്യക്തമാക്കുന്നു. സാക്ഷരതഫണ്ട് ലഭിക്കുന്ന മുറക്ക് ഇത് ക്രമീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം - പദ്ധതി ആസൂത്രണത്തിലെ പാളിച്ച-ഫണ്ട് നഷ്ടപ്പെട്ടു; അധികച്ചെലവും ; സമുച്ചയ നിർമ്മാണം കേവലം രണ്ട് മുറിയിൽ ഒതുങ്ങി.

ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം (S0195/18) എന്ന സ്പിൽഓവർ പ്രവൃത്തിയിൽ ലോകബാങ്ക് സഹായം 44,58,150/-രൂപയായിരുന്നു അടങ്കൽ. 2016-17-ൽ ലഭിച്ച ലോകബാങ്ക് വിഹിതത്തിൽ ഈ പ്രവൃത്തിക്കായി നീക്കിവച്ച തുകയിൽ 29,28,933/- രൂപ മാത്രമേ 2017-18 വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധിച്ചുള്ളൂ. പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലുണ്ടായ കാലതാമസം മൂലം ബാക്കി 15,29,217/- രൂപ തദ്ദേശ സ്ഥാപനത്തിന് നഷ്ടപ്പെട്ടു. 25.10.17 ലെ 1(1) നം. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ച് നല്കണമെന്ന് അഭ്യർത്ഥിച്ച് തദ്ദേശ സ്വയംഭരണ സെക്രട്ടറിക്ക് പഞ്ചായത്ത് കത്ത് നല്കിയെങ്കിലും സമയപരിധി കഴിഞ്ഞതിനാൽ ബാക്കി ഫണ്ട് ലാപ്സാകുകയാണ് ഉണ്ടായത്. പ്രവൃത്തിയുടെ വിശദാംശവും അപാകതകളും ചുവടെ ചേർക്കുന്നു.

i) സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

കായൽ ഡ്രഡ്ജ് ചെയ്ത മണ്ണ് ഉപയോഗിച്ച് നികത്തിയ ഈ സ്ഥലം സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഏകദേശം 10 സെന്റിൽ കൂടുതൽ വരുന്ന പഞ്ചായത്തിന്റെ ഈ പുറമ്പോക്ക് സ്ഥലം അളന്ന് നിശ്ചയിച്ച് പഞ്ചായത്തിന്റെ പേരിലാക്കി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

ii) സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ --കാലതാമസം

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് ഓഫീസ് സമുച്ചയം നിർമ്മിക്കുക എന്നതായിരുന്നു പദ്ധതി. 2016-17 ൽ അംഗീകാരം ലഭിച്ച ഈ പദ്ധതിയുടെ പ്രാരംഭ നടപടിയായ സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയ്ക്ക് ഒരു വർഷത്തോളം സമയം എടുത്തു. ഈ കാലതാമസം ഫണ്ട് ലാപ്സാകുന്നതിന് ഒരു കാരണം ആയി. എഞ്ചിനീയറിംഗ് കോളേജ് തിരുവനന്തപുരം ആണ് സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ നടത്തിയത്. ഇത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തദ്ദേശ സ്ഥാപനത്തിന്റെ റിക്വിസിഷൻ | സ്ഥാപനം എസ്റ്റിമേറ്റ് നല്കിയത് | 75% തുക സ്ഥാപനത്തിന് മുൻകൂർ നല്കിയത് (എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ടിരുന്നു.) | റിസൾട്ട് ലഭിച്ചത് |
|---|---|---|---|
| സോയിൽ ടെസ്റ്റ് - 25.01.17 | 31.01.17 | 23.3.17 – (83663/-) | 25.05.2017 |
| സ്ട്രക്ച്ചറൽ ഡിസൈൻ - 01.11.17 | | 22.12.17 – (50,000/-) മുഴുവൻ തുക | 09.01.2018 |

25.05.17 ലെ സോയിൽ ടെസ്റ്റ് റിസൾട്ട് പ്രകാരം 3 നിലയുള്ള കെട്ടിടസമുച്ചയത്തിന് പൈലിംഗ് ആവശ്യമാണ് എന്നും വ്യക്തമാക്കിയിരുന്നു. തുടർന്ന് സ്ട്രക്ച്ചറൽ ഡിസൈൻ ആവശ്യമായി വന്നു. അവിടെയും അകാരണമായി 6 മാസത്തിൽ കൂടുതൽ കാലതാമസം സംഭവിച്ചു.

iii) പദ്ധതി നടപ്പാക്കാൻ നിർമ്മിതികേന്ദ്രത്തിനെ ഏല്പിക്കാൻ വൈകിയവേളയിലെ തീരുമാനം പിന്നീട് ഉപേക്ഷിച്ചു.

2017 ഡിസംബറിനകം പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ ഫണ്ട് നഷ്ടപ്പെടുമെന്നതിനാൽ ടെണ്ടർ നടപടി ഒഴിവാക്കിക്കൊണ്ട് പ്രസ്തുത പ്രവൃത്തി നിർമ്മിതികേന്ദ്രയെ ഏല്പിക്കാൻ 27.11.17 ലെ 1(1) കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കത്ത് നല്കി. എന്നാൽ തുടർനടപടി ഫയലിൽ ഇല്ല. അക്രഡിറ്റഡ് ഏജൻസിക്ക് തുക മുഴുവനായി ഡെപ്പോസിറ്റ് ചെയ്യുന്നതിലെ സാങ്കേതിക തടസ്സമാണ് ആ ശ്രമത്തിൽ നിന്നും പിന്മാറാൻ കാരണമായത് എന്ന് ഉദ്യോഗസ്ഥർ വാക്കാൽ അറിയിച്ചു. സോയിൽ ടെസ്റ്റ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയ്ക്ക് ഒരു വർഷം നഷ്ടപ്പെടുത്തിയ ശേഷമാണ് പദ്ധതി നടപ്പാക്കാൻ നിർമ്മിതികേന്ദ്രത്തിനെ ഏല്പിക്കാൻ തീരുമാനിച്ചത് . പദ്ധതി അംഗീകാരം ലഭിച്ചപ്പോൾ തന്നെ ഈ തീരുമാനം എടുത്ത് തുക ഡെപ്പോസിറ്റ്

നല്കിയിരുന്നെങ്കിൽ നിയമാനുസൃതം ഗഡുക്കളായി തുക അനുവദിക്കാനും ഫണ്ട് ലാപ്സാകാതെ പ്രവൃത്തി നടപ്പാക്കാനും സാധിക്കുമായിരുന്നു.

iv) ടെണ്ടർ നടപടി സ്വീകരിക്കൽ

നിർമ്മിതി കേന്ദ്രയെ ഏല്പിക്കുന്ന നടപടിയിൽ നിന്ന് പിന്മാറി വീണ്ടും ടെണ്ടർ നടപടിയിലേക്ക് പോകാൻ 25.01.18ന് തീരുമാനിച്ചതിൻ പ്രകാരം അന്നുതന്നെ ഇ-ടെണ്ടർ ക്ഷണിച്ചു.

v) ഫണ്ട് ചെലവഴിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചു; 2017-18 ൽ 27.5 ലക്ഷം മുടക്കി പൈലിംഗ് മാത്രം നടത്തി. 15.29 ലക്ഷം നഷ്ടപ്പെട്ടു.

44,58,150/- രൂപ എസ്റ്റിമേറ്റ് എടുത്ത ഈ പ്രവൃത്തിക്ക് 14.2.18 ൽ 40,03,404/- രൂപയിൽ ടെണ്ടർ സമർപ്പിച്ച ശ്രീ. ലാൽജി, ആലപ്പുഴയ്ക്ക് കരാർ ഉറപ്പിച്ച് നല്കുകയും 22.2.18 ൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തിക വർഷാവസാനം പ്രവൃത്തി ആരംഭിച്ചതിനാൽ പൈലിംഗ് മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. 27,54,158/- രൂപയാണ് പൈലിംഗിനായി മാത്രം 17-18 ൽ ചെലവഴിച്ചത്. ലോകബാങ്ക് വിഹിതം ചെലവഴിക്കുന്നതിനുള്ള സമയപരിധി 31.3.18 ൽ അവസാനിക്കുകയും ഈ പ്രവൃത്തിക്കായി വകയിരുത്തിയിരുന്ന ബാക്കി ഫണ്ട് നഷ്ടപ്പെടുകയും ചെയ്തു.

vi) രണ്ട് മുറികൾ ഉള്ള ഗ്രൗണ്ട്ഫ്ലോർ മാത്രം നിർമ്മിച്ച് പദ്ധതി അവസാനിപ്പിച്ചു.

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം മൂന്ന് നിലകളുള്ള ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനാണ് സോയിൽ ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൈലിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്തതും വിവിധ കാരണങ്ങൾക്കായി ഏകദേശം ഒരു വർഷത്തിലേറെ സമയം പാഴാക്കിയതും. എന്നാൽ സ്ഥലപരിശോധനയിൽ നിലവിൽ രണ്ടു മുറികൾ ഉൾപ്പെടുന്ന ഗ്രൗണ്ട്ഫ്ലോർ മാത്രമുള്ള ചെറിയ കെട്ടിടം 2018-19 ൽ നിർമ്മിച്ച് പ്രവൃത്തി പൂർണ്ണമാക്കുകയാണ് ഉണ്ടായത്. ലോകബാങ്ക് ഫണ്ട് നഷ്ടപ്പെട്ടതിനാൽ 2018-19 ൽ വികസനഫണ്ട് 10,54,855/-രൂപയാണ് ഇതിനായി ചെലവഴിച്ചത്.

നിലവിൽ ഒരു ഓഫീസും ഇവിടെ പ്രവർത്തിക്കുന്നില്ല. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ ഇവിടേക്ക് മാറ്റാനും വരും വർഷങ്ങളിൽ പ്രവൃത്തി തുടർന്ന് നടപ്പാക്കി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുമാണ് ലക്ഷ്യമിടുന്നത് എന്ന് എക്സിറ്റ് മീറ്റിംഗിൽ മെമ്പർ അറിയിച്ചു. ചതുപ്പ് സ്ഥലത്ത് ബഹുനിലക്കെട്ടിടം നിർമ്മിക്കുക എന്ന ആശയത്തിൽ നിന്ന് മാറി ഈ സ്ഥലത്ത് ഒറ്റ നിലയുള്ള 6-7 മുറികൾ ഉള്ള കെട്ടിടം ഈ ഫണ്ടുപയോഗിച്ച് തന്നെ പൂർത്തിയാക്കാവുന്നതായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് ചതുപ്പായ ഇപ്രകാരമുള്ള സ്ഥലത്ത് ബഹുനിലക്കെട്ടിടം നിർമ്മിക്കുന്നതിന് പൈലിംഗിനായി മാത്രം കോടികൾ മുടക്കേണ്ടി വരുമെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് പദ്ധതി ഭേദഗതി വരുത്തി നടപ്പാക്കിയിരുന്നെങ്കിൽ കൃഷിഭവന് സ്വന്തം കെട്ടിടവും പഞ്ചായത്തിന് വരുമാന പ്രദമായ നിരവധി കടമുറികളും യാഥാർത്ഥ്യം ആകുമായിരുന്നു.

പദ്ധതി ആസൂത്രണം, വിശദവും വ്യക്തവുമായ പഠനം, യുക്തിസഹമായ തീരുമാനം എന്നിവയുടെ അഭാവവും പാളിച്ചയുമാണ് ഫണ്ട് ലാപ്സാകുന്നതിനും അധികച്ചെലവിനും കാരണമായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

*ചെലവിന്റെ വിശദാംശം*

83663/-രൂപ, ബിൽ നം. 4/16-17, തീയതി – 23.3.17

41112/- രൂപ, ബിൽ നം. 31/17-18, തീയതി – 21.10.17

50,000/- രൂപ, ബിൽ നം. 35/17-18, തീയതി – 22.12.17

27,54,158/- രൂപ, ബിൽ നം.50/17-18, തീയതി – 28.3.18

## 3-2 രണ്ട് ടെണ്ടർ ലഭിച്ചിട്ടും സിംഗിൾ ടെണ്ടർ എന്ന കാരണത്താൽ കുറവ് നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കി.

1. വൃന്ദാവനം മുതൽ വടക്കോട്ട് റോഡ് റീടാറിംഗ് (S0138/17) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 2,36,137/-

രൂപയായിരുന്നു. ഈ പ്രവൃത്തിക്ക് 29.12.16 ൽ 0.5% കുറവിൽ ശ്രീ.എൻ.വിജയൻ,ചേപ്പാട് എന്ന കരാറുകാരൻ ടെണ്ടർ നല്കിയെങ്കിലും സിംഗിൾടെണ്ടർ എന്ന കാരണത്താൽ സ്വീകരിക്കാതെ 2/17 ൽ റീടെണ്ടർ നടത്തിയതായും എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നല്കിയ ശ്രീ. മുഹമ്മദ് ഷാഫി എന്ന കരാറുകാരന് 2.3.17 ൽ സെലക്ഷൻ നോട്ടീസ് നല്കുകയും ചെയ്തു. എന്നാൽ ഫയലിൽ 29.12.16 ൽ രണ്ട് ടെണ്ടറുകൾ തുറന്നതായി അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീ. മുഹമ്മദ് ഷാഫിയുടെ ടെണ്ടറും ശ്രീ. വിജയന്റെ ടെണ്ടറും 29-12-2016 ൽ തുറന്നതായി രേഖപ്പെടുത്തി അസ്സി. എൻജിനീയർ ഒപ്പുവച്ചിട്ടുണ്ട്. (ഓഡിറ്റ് തെളിവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) ശ്രീ. മുഹമ്മദ് ഷാഫി ടെണ്ടറിനൊപ്പം പ്രിലിമിനറി എഗ്രിമെന്റ് വച്ചിരുന്നുമില്ല. റീടെണ്ടർ നടത്തിയാൽ തന്നെ ആദ്യം ടെണ്ടർ സമർപ്പിച്ച കരാറുകാരനെ കൂടി അറിയിക്കണം എന്ന നിയമവും പാലിച്ചില്ല. അപാകത പരാമർശിച്ച് നല്കിയ എൻക്വയറിക്ക് 0.5% കുറവിലുള്ളത് സിംഗിൾ ടെണ്ടർ ആയിരുന്നതിനാലാണ് റീടെണ്ടർ നടത്തിയത് എന്ന് മറുപടി ഹാജരാക്കി. എന്നാൽ മേൽ പരാമർശിച്ച കാരണത്താൽ മറുപടി അംഗീകരിക്കുന്നില്ല. ടെണ്ടർ ഫയൽ, റീടെണ്ടർ നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 0.5% കുറവിൽ ടെണ്ടർ സമർപ്പിച്ച കരാറുകാരന് പ്രവൃത്തി നല്കാതെ എസ്റ്റിമേറ്റ് നിരക്കിലെ ടെണ്ടർ അംഗീകരിച്ചതിനാൽ ( പ്രവൃത്തിയുടെ ആകെ മൂല്യം2,36,137/-) 1180/- രൂപ കരാറുകാരന് അധികം നല്കി.

2. ഫിഷറീസ് ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി- (S0172/17) എന്ന പ്രവൃത്തിയിലും ക്രമ നം.1 ലെ ഇതേ അപാകത തന്നെ ഉണ്ട്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 150541/- രൂപ ആയിരുന്നു. 29.12.16 ൽ ശ്രീ.സന്തോഷ് കുമാർ എസ്റ്റിമേറ്റിന്റെ 7.1% കുറവിൽ ടെണ്ടർ സമർപ്പിച്ചിരുന്നു. എന്നാൽ ശ്രീ. സന്തോഷ് കുമാറിന്റെ സിംഗിൾ ടെണ്ടർ ആയതിനാൽ റീടെണ്ടർ നടത്തിയതായും മുഹമ്മദ്ഷാഫിയുടെ 14.2.17 ൽ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് 2.3.17 ൽ സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട്. എന്നാൽ ഫയലിൽ 29.12.16 ൽ രണ്ട് ടെണ്ടറുകൾ തുറന്നതായി അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീ. മുഹമ്മദ് ഷാഫിയുടെ ടെണ്ടറും ശ്രീ. സന്തോഷ് കുമാറിന്റെ ടെണ്ടറും 29-12-2016 ൽ തുറന്നതായി ഫയലിൽ അസി. എഞ്ചിനീയർ രേഖപ്പെടുത്തി ഒപ്പ് വച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ആകെ ചെലവ് 150274/- രൂപയാണ്. 7.1% കുറവിലെ ടെണ്ടർ അംഗീകരിക്കാഞ്ഞതിനാൽ 10669/- രൂപ അധികം നല്കി. ഈ രണ്ടു പ്രവൃത്തിയിലും കൂടി ശ്രീ. മുഹമ്മദ് ഷാഫിക്ക് 11,849/-രൂപ അധികം നല്കിയിട്ടുണ്ട്. അധിക ചെലവ് ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

*ചെലവ് വിവരം.*

(1) 236137/-, ബിൽ നം. 16/17-18, തീയതി – 29.7.17

(2) 150274/-, ബിൽ നം. 21/17-18, തീയതി – 29.7.17

## 3-3 ഫിഷറീസ് ആശുപത്രിക്ക് ചുറ്റുമതിലും ഗ്രൗണ്ട് ഫില്ലിംഗും .സ്ഥലം പഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടില്ല.

ഫിഷറീസ് ആശുപത്രിക്ക് ചുറ്റുമതിലും ഗ്രൗണ്ട് ഫില്ലിംഗും (So181/18) എന്ന പ്രവൃത്തിക്ക് 2017-18 ൽ വികസനഫണ്ടും നബാർഡ് ഫണ്ടും ഉൾപ്പെടെ 12,20,932/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് നിർമ്മിച്ച് ആരോഗ്യ വകുപ്പിന് കൈമാറി നല്കിയ ഈ ഹോസ്പിറ്റൽ തദ്ദേശ സ്ഥാപനത്തിന് കൈമാറിക്കിട്ടിയിട്ടുണ്ടെങ്കിലും ഏകദേശം 50സെന്റോളം വരുന്ന സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. സ്ഥലം റിലിംഗിഷ് ചെയ്തു പഞ്ചായത്തിന്റെ പേരിൽകൂട്ടിയതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആശുപത്രിക്കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം തദ്ദേശ സ്ഥാപനത്തിന്റെ പേരിൽകൂട്ടിയില്ലെങ്കിൽ ഭാവിയിൽ തർക്കങ്ങൾക്കും ഈ ഭൂമിയിൽ ചെലവഴിക്കുന്ന ഫണ്ട് പാഴാകാനും കാരണമാകും. അടിയന്തിരമായി തുടർനടപടി സ്വീകരിച്ച് ആസ്തി സംരക്ഷിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 തൊഴിലുറപ്പ് പദ്ധതി --അപാകതകൾ

i) ഓൺലൈൻ ടി.എസ് ലഭ്യമാക്കാതെ പ്രവൃത്തി നടപ്പാക്കി

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18-ൽ നടപ്പാക്കിയ മിക്ക പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭിച്ചത് 6.4.18 നും അതിനു ശേഷവുമാണ് എന്ന് കാണുന്നു. സാങ്കേതികാനുമതി ലഭിക്കാതെ പ്രവൃത്തികൾ നടപ്പാക്കിയത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മാനുവൽ ടി.എസ് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കി.

കൃത്യസമയത്ത് സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിൽ താമസം നേരിട്ടതാണ് ഓൺലൈൻ ടി.എസ് ലഭ്യമാക്കാൻ വൈകിയത് എന്ന് മറുപടി ഹാജരാക്കി. കൃത്യസമയത്ത് തന്നെ സാങ്കേതികാനുമതി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനും പ്രവൃത്തികൾ സുതാര്യമാക്കി നടപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ii) മെറ്റീരിയൽ വർക്കുകളിൽ ഉപകരണങ്ങളുടെ വാടക മുൻകൂർ നല്കുന്നു.

2017-18 ൽ ഭാഗികമായി പൂർത്തിയാക്കിയ പല മെറ്റീരിയൽ വർക്കുകളിലും നെയിംബോർഡ്, ഉപകരണങ്ങളുടെ വാടക എന്നീ ഇനങ്ങളിൽ മുഴുവൻ തുകയും കരാറുകാരന് നല്കിയിരിക്കുകയാണ്. പ്രവൃത്തി പൂർത്തിയാക്കാതെ ഈ ഇനത്തിലെ ചെലവ് മുൻകൂർ അനുവദിക്കുന്നത് ക്രമപ്രകാരമല്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് അപാകതകൾ ആവർത്തിക്കില്ല എന്ന മറുപടി ഹാജരാക്കി. പ്രവൃത്തി പൂർത്തിയായ ശേഷം മാത്രം ഇപ്രകാരമുള്ള ചെലവ് അനുവദിച്ചാൽ മതിയാകും.

കൂടാതെ ഒരു പ്രവൃത്തി വ്യത്യസ്ത റീച്ചുകളിൽ നടപ്പാക്കുമ്പോൾ ഓരോ റീച്ചിലും നെയിംബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് 5000/- ഉം 3000/- ഉം നിരക്കിൽ ബോർഡിന്റെ വലുപ്പം അനുസരിച്ച് കരാറുകാരന് നല്കുന്നതായി കാണുന്നു. ഉദാ;- കോന്തൻ പറമ്പ് റോഡ് പിച്ചിംഗ് 1 മുതൽ 4 ഘട്ടം .

ഇത് അധികച്ചെലവിനു കാരണമാകും എന്നു മാത്രമല്ല ബോർഡുകളുടെ എണ്ണം സഞ്ചാര സ്വാതന്ത്ര്യത്തിന് മാർഗ്ഗതടസ്സം ഉണ്ടാക്കുകയും ചെയ്യും. ഒരു വർക്ക് വിവിധ റീച്ചായി പ്രവൃത്തി നടപ്പാക്കിയാലും ഒരു നെയിംബോർഡ് സ്ഥാപിച്ച് പൂർണ്ണ വിവരങ്ങൾ അതിൽ ഉൾപ്പെടുത്താവുന്നതാണ്.

അപാകതകൾ ഒഴിവാക്കി പ്രവൃത്തികൾ നടപ്പാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തിസംരക്ഷണം ഉറപ്പാക്കണം.

1. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്ത് വക പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിലെ മിനിട്സ് പരിശോധനയിൽ പഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമിയിൽ പലതും സ്വകാര്യവ്യക്തികൾ കൈയ്യേറിയതായി വ്യക്തമാകുന്നു. ഇത് സംബന്ധിച്ച എക്സിറ്റ് മീറ്റിംഗിൽ നൽകിയ ചർച്ചയിൽ പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും സർവ്വെ വകുപ്പിൽ നിന്നും സ്ഥലം അളന്നുകിട്ടുന്നതിനുള്ള കാലതാമസംമൂലമാണ് തുടർനടപടികൾ വൈകുന്നത് എന്നും അറിയിക്കുകയുണ്ടായി. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതോ ഏല്പിച്ചിട്ടുള്ളതോ ആയ എല്ലാ പൊതുവഴികളും ജലമാർഗ്ഗങ്ങളും നീരുറവകളും ജലസംഭരണികളും സംരക്ഷിക്കേണ്ട ചുമതല ഗ്രാമപ്പഞ്ചായത്തിനാണ്. അതിനാൽ ഇവ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി തയ്യാറാക്കി സൂക്ഷിക്കുന്നതിനും അന്യാധീനപ്പെടാതെ സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
2. വിട്ടുകിട്ടുന്ന ഭൂമി പഞ്ചായത്ത് ആസ്തിയാക്കുന്നതിൽ വീഴ്ച.

   സ്വകാര്യവ്യക്തികൾ പഞ്ചായത്തിന് വിട്ടുനൽകുന്ന ഭൂമി ആസ്തിയാക്കുന്നതിനുള്ള നടപടികൾ പൂർണ്ണതയിൽ എത്തുന്നില്ല. വ്യക്തികൾ ലാന്റ് റിലിംഗ്വിഷ്മെന്റ് ഫാറം ഒപ്പിട്ടുനൽകുന്നതോടെ പലപ്പോഴും നടപടികൾ അവസാനിക്കുന്നതായി കാണുന്നു. ഉദാഹരണമായി കൊച്ചപറമ്പ് -മാങ്കോതങ്കരി റോഡിനുള്ള സ്ഥലം റലിംഗ്വിഷ് ചെയ്ത് ലഭിച്ചെങ്കിലും വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട് റോഡ് പഞ്ചായത്തിന്റെ ആസ്തിയാക്കി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വിട്ടുകിട്ടുന്ന ഭൂമി പഞ്ചായത്ത് ആസ്തി ആക്കുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-6 ഡപ്പോസിറ്റ് വർക്കിനു നൽകിയ തുക - വിനിയോഗ സാക്ഷ്യപത്രമില്ല. തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെലവ് തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വാർഡ് 9ൽ കുടിവെള്ള വിതരണ പമ്പ് ഹൌസ് നിർമ്മാണം. | 27.01.2018 | 404000 | - | 404000 |
| ഇലക്ട്രിസിറ്റി ബോർഡ്, ആറാട്ടുപുഴ | വാർഡ് 7ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-18,<br>21-3-18<br>ch.no. 1193292 dt. 12-3-2018 | 60712<br>68835<br>60712 | - | 190259 |
| ഇലക്ട്രിസിറ്റി ബോർഡ്, കാർത്തികപ്പള്ളി | വാർഡ് 13ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-18<br>12.03.2018 | 130250<br>130250 | | 260500 |
| ഇലക്ട്രിസിറ്റി ബോർഡ്, കാർത്തികപ്പള്ളി | വാർഡ് 5ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-2018<br>12.03.18 | 199975<br>199975 | | 399950 |
| ഇലക്ട്രിസിറ്റി ബോർഡ്, കാർത്തികപ്പള്ളി | വാർഡ് 12ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-18<br>06.03.18 | 68275<br>68275 | | 136550 |
| ഇലക്ട്രിസിറ്റി ബോർഡ്, 2.കരുവാറ്റ. | വാർഡ് 2ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-2018<br>06.03.18 | 325000<br>325000 | | 650000 |
| ഇലക്ട്രിസിറ്റി ബോർഡ്, ആറാട്ടുപുഴ. | വാർഡ് 10 ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-18<br>06.03.18 | 49794<br>49754 | | 99587 |
| ഇലക്ട്രിസിറ്റി ബോർഡ്, അമ്പലപ്പുഴ. | വാർഡ് 16 ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27.01.2018<br>06.03.18 | 126509<br>125435 | | 251944 |
| ഇലക്ട്രിസിറ്റി ബോർഡ്, ആറാട്ടുപുഴ. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 28-3-208 | 431701 | | 662701 |
| ഇലക്ട്രിസിറ്റി ബോർഡ്, കാർത്തികപ്പള്ളി | | 28-3-18 | 231000 | | |
| ഇലക്ട്രിസിറ്റി ബോർഡ്, | വാർഡ് 2ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ | 15.01.18 | 187040 | | 187040 |

| | | | | | |
|---|---|---|---|---|---|
| 2.കരുവാറ്റ. | ദീർഘിപ്പിക്കൽ | | | | |
| ഇലക്ട്രിസിറ്റി ബോർഡ്, ആറാട്ടുപുഴ. | തെരുവു വിളക്ക് ട്രാൻസ്ഫോർമറുകളിൽ മീറ്റർ സ്ഥാപിക്കൽ. | 17-3-18 | 121672 | - | 121672 |
| ഇലക്ട്രിസിറ്റി ബോർഡ്, അമ്പലപ്പുഴ. | 135 നമ്പർ അംഗൻവാടിക്കു മുകളിൽ കൂടി പോകുന്ന ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ. | 18-8-2017 | 10000 | - | 10000 |
| ആകെ. | | | | | 3374203 |

## 3-7 ഇ.എം.എസ്സ് ലോൺ തിരിച്ചടവ് -ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക ലോണെടുത്ത സഹകരണബാങ്കിൽ ലഭിക്കാഞ്ഞത് സംബന്ധിച്ച്.

പ്രോജക്ട് നം. 87/17 ഇ.എം.എസ് ലോൺ തിരിച്ചടവ് പ്രോജക്ടിന്റെ ചെലവിനായി ബിൽ നം. 30/18 തീ. 20-2-18. പ്രകാരം 5,90,000/- രൂപയും, ബിൽ നം. 4/18-8-17 പ്രകാരം 1303950/- രൂപയും പിൻവലിച്ച് ജില്ലാ സഹകരണ ബാങ്ക് തൃക്കുന്നപ്പുഴക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിരുന്നു. യു.റ്റി.ആർ. നമ്പർ ജനറേറ്റ് ചെയ്ത് സാംഖ്യവെബിൽ പേയ്മെന്റ് ജനറേറ് ആയിരുന്നു എങ്കിലും ട്രാസ്ഫർ ചെയ്ത് നൽകിയതിൽ 5,90,000/- രൂപ ഇതുവരെ സഹകരണബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ട്രഷറിയുമായി ബന്ധപ്പെട്ടിരുന്നു എന്നും തുക ട്രഷറിയുടെ ബാങ്ക് സസ്പെൻസ് അക്കൌണ്ടിൽ ഉണ്ടെന്നും എത്രയുവേഗം സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണെന്നും അറിയിക്കുകയുണ്ടായി. ഇ.എം.എസ് ലോൺ തുക ക്രഡിറ്റു ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം പലിശ വർദ്ധിപ്പിക്കുകയും സർക്കാരിനു കൂടുതൽ ബാധ്യതയുണ്ടാക്കുകയും ചെയ്യും എന്നതിനാൽ ബാങ്കിൽ തുക നിക്ഷേപിക്കുന്നതിൽ അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്. ചെലവു തുക 590000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 ഓവർലോഡിന് പിഴ - നടപടിക്രമങ്ങളിലെ കാലതാമസം പഞ്ചായത്തിന് ബാധ്യതയായി

KSEB കാർത്തികപ്പള്ളി 13-1-2017ൽ പഞ്ചായത്ത് ഓഫീസിൽ നടത്തിയ പരിശോധനയിൽ അനധികൃത ലോഡ് കണ്ടെത്തിയതിനെ തുടർന്ന് 42833/- രൂപ പിഴ ഈടാക്കിയിരുന്നു. 06-05-2017ലെ ധനകാര്യസ്റ്റാന്റിഗ് കമ്മറ്റി ഓഫീസിലെ ഇലക്ട്രിക് കണക്ഷൻ ത്രീഫേസ് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നു നിർദ്ദേശിച്ചിരുന്നു. 18-8-2017 ൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വീണ്ടും പരിശോധനക്ക് വന്നപ്പോഴും അപാകത പരിഹരിക്കാത്തതിനാൽ 21-8-2017ൽ പ്രൊവിഷണൽ ബിൽ നൽകി എങ്കിലും ഇത് സംബന്ധിച്ച് യാതൊരു ആക്ഷേപവും ഉന്നയിക്കാത്തതിനാൽ 23-9-2017ൽ വീണ്ടും ഓവർലോഡിന് ഡിമാന്റ് ലഭിക്കുകയും അഡീഷണൽ ചാർജ്ജ് ഇനത്തിൽ 37877/- തുക ഒടുക്കുകയും ചെയ്തു (ചെക്ക് നം. 1979, തീ. 23-9-2017). ഇതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകാരം നൽകിയിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ 2017-18ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി വൈദ്യുതകണക്ഷൻ എടുക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് എന്നും ഇതുമായി ബന്ധപ്പെട്ട് 9-11-2017ലാണ് ത്രീഫേസ് കണക്ഷൻ എടുക്കുന്നതിനായി തീരുമാനിക്കുകയും പദ്ധതി തയ്യാറാക്കുകയും ചെയ്തത് എന്നും, പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കെയാണ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വീണ്ടും പരിശോധനക്കെത്തുകയും പിഴചുമത്തുകയും ചെയ്തത് എന്നും അറിയിക്കുകയുണ്ടായി. പ്രോജക്ട് റിവിഷൻ സമയത്ത് മാത്രമേ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ കഴിയൂ എന്നതും ത്രീഫേസ് കണക്ഷനു അപേക്ഷിക്കുന്നതിന് കാലതാമസം ഉണ്ടാക്കി എന്നും മറുപടിയിൽ പറയുകയുണ്ടായി. എന്നാൽ ഇത് അംഗീകരിക്കാൻ കഴിയില്ല. 2017 ജനുവരിയിലാണ് ആദ്യം ഇലക്ട്രിസിറ്റി ബോർഡിൽനിന്നുള്ള പരിശോധന ഉണ്ടായത്. ഇതിനുശേഷം 2017 ഫെബ്രുവരിയിൽ പ്രോജക്ട് മാറ്റത്തിനു സമയം ഉണ്ടായിരുന്നു. അന്ന് ഉൾപ്പെടുത്താൻ പറ്റാതിരുന്നെങ്കിൽ കൂടി മാർച്ചുമാസം തന്നെ 2017-18 വാർഷിക പ്രോജക്ട് പൂർത്തിയാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിരുന്നു. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഭരണസമിതിയുടെയും വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുകയും ചർച്ച ചെയ്യുകയും വീണ്ടും പിഴ ഒടുക്കുവാനുള്ള

സാഹചര്യങ്ങൾ ഒഴിവാക്കുംവിധം 2017-18 വർഷാരംഭത്തിൽതന്നെ പ്രവർത്തനം നടത്താതിരുന്നതുമാണ് പ്രോജക്ട് രൂപീകരണവും നിർവ്വഹണവും നീണ്ടുപോകാൻ കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മാത്രമല്ല 21-8-2017ൽ ഇലക്ട്രിസിറ്റി ബോർഡിൽനിന്നും നൽകിയ പ്രൊവിഷണൽ നോട്ടീസിന് തൃപ്തികരമായ ഒരു മറുപടി നൽകിയിരുന്നെങ്കിൽ പിഴ ഒഴിവാകുമായിരുന്നു. എന്നാൽ ഇപ്രകാരം എന്തെങ്കിലും നടപടി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി മറുപടിയിൽ സൂചനയില്ല. ഇത് സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭിച്ചിരുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ സമയബന്ധിതമായി നടപടി എടുക്കാൻ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നു പരിശോധിച്ച് നഷ്ടം ഈടാക്കുന്നതിന് ഭരണസമിതിക്ക് ശുപാർശചെയ്യുന്നു. പിഴ ഇനത്തിൽ രണ്ടാമത് ഒടുക്കിയ 37877/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്തത് സംബന്ധിച്ച്.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം ചെലവുകൾ നടത്തിയതായി കാണുന്നു. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായതായി രേഖയില്ല. എത്ര മരുന്നുകൾ ലഭ്യമായി, ഇനി എത്ര ലഭ്യമാകുവാനുണ്ട് എന്നതിനെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 10 ന് താഴെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1) ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ

പ്രോജക്റ്റ് നം. - S0061/18

അടങ്കൽ - 300000/-

ചെലവ് - 300000/-

ബിൽ നം. - 2/17-18, തീയതി. 21.10.17

176332/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 123668/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാകുവാനുണ്ട്. തുക തടസ്സപ്പെടുത്തുന്നു.

2) പാലിയേറ്റീവ് കെയറിന് മരുന്നു വാങ്ങൽ

പ്രോജക്റ്റ് നം. - S0062/18

അടങ്കൽ - 144500/-

ചെലവ് - 100000/-

ബിൽ നം. - 3/17-18, തീയതി - 21.10.17

67169/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 32831/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാകുവാനുണ്ട്. തുക തടസ്സപ്പെടുത്തുന്നു.

3) പാലിയേറ്റീവ് കെയറിന് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്റ്റ് നം. - S0062/18

അടങ്കൽ - 100000/-

ചെലവ് - 100000/-

ബിൽ നം. - 6/17-18, തീയതി - 21.03.18

94132/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 5868/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാകുവാനുണ്ട്. തുക തടസ്സപ്പെടുത്തുന്നു.

4) പാലിയേറ്റീവ് കെയറിന് ഡയാലിസിസ് ഉപകരണങ്ങളും, മരുന്നും വാങ്ങൽ (ബ്ലോക്ക് വിഹിതം)

പ്രോജക്റ്റ് നം. - S0062/18

അടങ്കൽ - 300000/-

ചെലവ് - 299860/-

205636/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 94224/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാകുവാനുണ്ട്. തുക തടസ്സപ്പെടുത്തുന്നു.

ആകെ 256591/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 ഡയാലിസിസ് കിറ്റുകൾ വാങ്ങിയത് സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഈ പ്രോജക്റ്റിൽ (നം. എസ് 0062/18) പാലിയേറ്റീവ് കെയറിന് മരുന്നു വാങ്ങിക്കൽ എന്ന പദ്ധതിയ്ക്കായി ബ്ലോക്ക് വിഹിതമായി ലഭിച്ച 3,00,000/- രൂ. ഉപയോഗിച്ച് വൃക്ക സംബന്ധമായ അസുഖമുള്ളവർക്ക് ഡയാലിസിസ് ചെയ്യുന്നതിന് ആവശ്യമായ കിറ്റുകളും ക്യാൻസർ ചികിൽസക്കുള്ള മരുന്നുകളും വാങ്ങിയിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റോ, അതിനാവശ്യമായ സൌകര്യങ്ങളോ, നെഫ്രോളജിസ്റ്റിന്റെ സേവനമോ ലഭ്യമല്ലാതിരിക്കെ ഇത്രയും അധികം തുകയ്ക്കുള്ള ഡയാലിസിസ് കിറ്റുകൾ വാങ്ങിക്കൂട്ടിയതിന്റെ കാരണം വിശദമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം - 12 ന് മറുപടി നൽകിയിട്ടുണ്ട്. വൃക്ക സംബന്ധമായ രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനായി എല്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് വിഹിതമായി പാലിയേറ്റീവ് കെയർ സെക്കന്ററി കെയറിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളതാണ് 3,00,000/- രൂ. വൃക്ക അനുബന്ധ രോഗികളുടെ എണ്ണം കൂടി വരികയാണെന്നും, ഇതിന്റെ ചികിത്സാ ചെലവിൽ നിന്നും പാവപ്പെട്ട രോഗികളെ സംരക്ഷിക്കുന്നതിനായാണ് സൌജന്യ ഡയാലിസിസ് കിറ്റുകൾ വാങ്ങി നൽകുന്നതെന്നുമാണ് ഇതിന്റെ ലക്ഷ്യമായി പറഞ്ഞിട്ടുള്ളത്. ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളോട് വിയോജിക്കാതിരിക്കുമ്പോൾ തന്നെ, ഇത് നടപ്പിൽ വരുത്തുന്നതിലുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകളും, ഇതിന്റെ പൂർണ്ണ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിലുമൊക്കെയുള്ള സംശയങ്ങളും കണ്ടില്ലെന്ന് വെയ്ക്കാൻ ഓഡിറ്റിനാവില്ല.

ഡയാലിസിസ് യൂണിറ്റിന്റേയും, നെഫ്രോളജിസ്റ്റിന്റേയും അഭാവത്തെ സംബന്ധിച്ച് ഓഡിറ്റ് മുന്നോട്ട് വെച്ച സംശയങ്ങൾ ഈ വിഷയത്തിൽ അവഗാഹമുള്ള നിർവ്വഹണ ഉദ്യോഗസ്ഥയും കമ്മറ്റിയിൽ ഉന്നയിച്ചതാണെന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അതൊന്നും മുഖവിലയ്ക്കെടുത്തതായി കാണുന്നില്ല. പദ്ധതിയിൽപ്പെടുത്തി പി.എച്ച്.സി.യിൽ വാങ്ങി വെയ്ക്കുന്ന കിറ്റുകൾ, രോഗിയെ ചികിത്സിക്കുന്ന ഡോക്ടറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ രോഗികൾക്ക് നൽകുന്നു എന്നാണ് പറയുന്നത്. ഈ കിറ്റുകൾ ചികിത്സ നടത്തുന്ന ആശുപത്രിയിൽ കൊണ്ടുപോയി കൊടുത്ത് ഡയാലിസിസ് നടത്തുകയാണ് ചെയ്യുന്നത്. ഇത് സർക്കാർ ആശുപത്രിയാണോ, സ്വകാര്യ ആശുപത്രിയാണോ എന്ന് വ്യക്തമല്ല. സർക്കാർ ആശുപത്രിയിൽ കാരുണ്യ പദ്ധതിയിൽ ഉൾപ്പെട്ട പാവപ്പെട്ട രോഗികൾക്ക് ഡയാലിസിസ് പൂർണ്ണമായും സൌജന്യമാണ്. അവിടെ കിറ്റുകൾ കൊണ്ടു ചെല്ലേണ്ടതില്ല. ഹരിപ്പാട്, മാവേലിക്കര താലൂക്ക് ആശുപത്രികളിലും, ആലപ്പുഴ മെഡിക്കൽ കോളേജിലും ഈ സൌകര്യങ്ങൾ നിലവിലുണ്ട് താനും.

3 ലക്ഷം രൂപയിൽ ക്യാൻസറിനുള്ള 29937/-രൂപയുടെ കോളോസ്റ്റമി കിറ്റും, മരുന്നുമടക്കം 205636/- രൂപയുടെ സാധനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇനിയും 94224/- രൂപയുടെ ഡയാലിസിസ് കിറ്റുകൾ ലഭിക്കുവാനുണ്ട്. ഒരു കിറ്റിന്റെ വില ഏകദേശം 1700/- രൂപ. നിലവിൽ ഡയാലിസിസ് നടത്തുന്ന 5 രോഗികൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. ഒരു രോഗിയ്ക്ക്, ഒരു കിറ്റു കൊണ്ട് കുറഞ്ഞത് 7 തവണയെങ്കിലും ഡയാലിസിസ് നടത്തുവാനാകും. അങ്ങനെ വരുമ്പോൾ ഇപ്പോൾ സ്റ്റോക്കിലുള്ള കിറ്റുകളിലെ പല സാധനങ്ങളും അവയുടെ എക്സ്പിയറി കഴിയുന്നതിനു മുൻപ് ഉപയോഗിച്ചു തീരില്ല എന്നതാണ് യാഥാർത്ഥ്യം. സ്റ്റോക്ക് രജിസ്റ്റർപ്രകാരം പ്രകാരം വാങ്ങിയതിൽ വലിയപങ്കും ഇപ്പോഴും സ്റ്റോക്കിലുണ്ട്.രോഗികളുടെ എണ്ണവും മരുന്നിന്റെ ആവശ്യകതയും വിലയിരുത്താതെ കിറ്റുകൾ വാങ്ങികൂട്ടിയത് ക്രമപ്രകാരമല്ല. വിദഗ്ധ സേവനവും, വിലയേറിയ മെഡിക്കൽ ഉപകരണങ്ങളുടെ സഹായവും ആവശ്യമുള്ള ഒരു പദ്ധതിയെ തികച്ചും ലാഘവ ബുദ്ധിയോടെ സമീപിച്ചത് ശരിയായ പ്രവണതയല്ല. വിഷയം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും, ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. ഹരിപ്പാട് ബ്ലോക്കിലെ മറ്റുപഞ്ചായത്തുകളിലെ രോഗികൾക്കുകൂടി ഈ കിറ്റുകളുടെ പ്രയോജനം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഇവ നഷ്ടപ്പെടാതിരിക്കുന്നതിനും സാധുക്കളായ രോഗികൾക്ക് പ്രയോജനം ലഭിക്കുന്നതിനും വഴിയൊരുക്കുമെന്നതിനാൽ ഇത്തരം നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 3-11 മഴക്കാലപൂർവ്വ ശുചീകരണത്തിനായി ലഭിക്കുന്ന ഫണ്ടുകൾ - സമയബന്ധിതമായി

ചെലവഴിക്കുന്നതിൽ ശ്രദ്ധവേണം.

തദ്ദേശസ്വയം ഭരണ(ഡി.സി) വകുപ്പ് സർക്കുലർ നം. 127/17 ത.സ്വ.ഭ.വ, തീയതി.16-3-2017 പ്രകാരം മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കുന്നതിനുള്ള പ്രതിരോധപ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തലത്തിലുള്ള കർമ്മ പരിപാടികൾ വിശദമാക്കിയിരുന്നു. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന് മഴക്കാലപൂർവ്വ ശുചീകരണത്തിനായി 10000/- രൂപ ശുചിത്വമിഷൻ വിഹിതം, 10000/- രൂപ എൻ.ആർ.എച്ച്.എം. വിഹിതം, 5000/- രൂപ പഞ്ചായത്ത് തനതുഫണ്ട് എന്നിങ്ങനെ വാർഡൊന്നിന് പരമാവധി 25000/- രൂപ ചെലവഴി ക്കാവുന്നതാണ്. മുൻ വർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് കഴിഞ്ഞ വർഷത്തെ തുക മിച്ചമുണ്ടെങ്കിൽ അത് കഴിച്ചുള്ള തുക മാത്രമേ ലഭിക്കുകയുള്ളൂ എന്നും 2017 ജൂൺ 30 മുന്പ് ചെലവഴിക്കുന്ന തുക മാത്രമേ മഴക്കാല പൂർവ്വ ശുചീകരണ ചെലവായി കണക്കാക്കുകയുള്ളൂ എന്നും, വിവിധ സ്രോതസ്സുകളിൽ നിന്നു ലഭിക്കുന്ന തുക യുടെ പ്രത്യേകം പ്രത്യേകം കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും, ചെലവു സംബന്ധിച്ച വൌച്ചറുകൾ കാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമതികളിൽ നിന്നും ശേഖരിക്കേണ്ടതാണ് എന്നും കാമ്പയിനുകളും ശുചിത്വ പ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് അതാത് സെക്രട്ടറിമാർ ഉറപ്പാക്കണമെന്നും ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം സെക്രട്ടറിമാർക്ക് ആയിരിക്കും സർക്കുലറിൽ വ്യക്തമാക്കിയിരുന്നു.

2017-18 വർഷം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ 95710/- രൂപ മാത്രമാണ് ശുചിത്വമിഷൻ ഫണ്ട് ലഭിച്ചത്. എൻ.ആർ.എച്ച്.എം. ഫണ്ട് ലഭിച്ചതായി രേഖകളില്ല. തനതുഫണ്ടും ഈ ആവശ്യത്തിനായി നൽകി കാണുന്നില്ല. ശുചിത്വ മിഷൻ ഫണ്ട് ലഭിച്ചത് 6-1-2018 ൽ മാത്രമാണ് മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുള്ളത്.

മുൻ വർഷ യൂട്ടിലൈസേഷൻ അനുസരിച്ചാണ് ഫണ്ട് ലഭിക്കുന്നത് എന്നതിനാൽ ലഭിക്കുന്ന തുക സമയബന്ധിതമായി നൽകുന്നതിന് സെക്രട്ടറിയുടേയും, സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ചെലവഴിക്കുന്നതിന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും വാർഡ് ശുചീകരണ സമതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ-പദ്ധതി നടപ്പായിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ – വിഹിതം നല്കൽ (S0137/18) പദ്ധതിയിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നല്കി പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം നടത്തൽ എന്നതാണ് പദ്ധതി ലക്ഷ്യം. ടി പദ്ധതിക്കായി ബിൽ നം. 25/18, തീയതി 06.01.2018 പ്രകാരം 500,000/- രൂപയും ബിൽ നം. 26/18, തീയതി. 06.01.2018 പ്രകാരം 1000000/- രൂപയും ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന് നല്കിയിട്ടുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടായി പദ്ധതി നടപ്പാക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ ഒന്നും പാലിച്ചിട്ടില്ല. ജി.ഒ.(എം.എസ്) 72/17 ത.സ്വ.ഭ.വ. തീയതി. 29.3.17ലെ ഖണ്ഡിക 6.5(2) ൽ അനുശാസിക്കും വിധം സംയുക്ത പ്രോജക്ടിൽ പങ്കാളികളായ തൃക്കുന്നപ്പുഴ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും തമ്മിൽ കരാറിലേർപ്പെട്ടിട്ടില്ല. മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2017-18 വർഷം 20 സെന്റ് സ്ഥലം ഗ്രാമ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ സംയുക്ത വിഹിതമിനത്തിൽ തുക നൽകാതെ തന്നെ പദ്ധതിയുടെ ഗുണം പഞ്ചായത്തിന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കാമായിരുന്നു. അപ്രകാരം നടപടി സ്വീകരിച്ചിരുന്നെങ്കിൽ ഗുണപ്രദമായ മറ്റ് പ്രവർത്തികൾക്ക് ഈ തുക വിനിയോഗിക്കാമായിരുന്നു. ശേഖരിക്കേണ്ട മാലിന്യത്തിന്റെ അളവു സംബന്ധിച്ച പഠനം നടത്താതെ ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണം ചെയ്ത പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണത്തിനായി നീക്കിവെച്ച മുഴുവൻ തുകയും നല്കുകയായിരുന്നു. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പദ്ധതി നടപ്പാക്കാതെ വിവിധ ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ചെലവഴിക്കാതെ നിക്ഷേപമായി തുടരുന്നത് സംബന്ധിച്ച് വിശദമായി പരാമർശിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കി വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഹരിതകർമ്മ സേന- പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

വി.ഇ.ഒ നിർവ്വഹണം നടത്തിയ ഹരിതകർമ്മ സേന രൂപീകരണവും പ്രവർത്തനങ്ങളും (S0208/18) പദ്ധതിയിൽ

മാലിന്യങ്ങൾ വീടുകളിൽ വന്ന് ശേഖരിച്ച് ഷ്രെഡ്ഡിംഗ് യൂണിറ്റിന് നൽകി പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം നടത്തൽ എന്നതാണ് പ്രോജക്റ്റ് ലക്ഷ്യം. ഇതിനായി 34 വനിതകളെ ഹരിത സേനാ അംഗങ്ങളായി തെരഞ്ഞെടുക്കുകയുണ്ടായി. ഇതിന്റെ പരിശീലന പരിപാടികളുടെ ചെലവ്, വാഹന വാടക എന്നിവയ്ക്കായി 32652/- രൂപയും ഹോണറേറിയം ആയി 306000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് യൂസർ ഫീ ഈടാക്കിയിട്ടില്ല. പ്രത്യേക ബാങ്ക് അക്കൌണ്ട് എടുത്തിട്ടില്ല. ഹരിത സേനാംഗങ്ങൾ ഭവന സന്ദർശനം നടത്തി ശേഖരിച്ച മാലിന്യങ്ങളുടെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിനോ, ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ട ബ്ലോക്ക് പഞ്ചായത്തിനോ സ്വന്തമായ ഷ്രെഡിംഗ് യൂണിറ്റ് ഇല്ലാതെ ഇങ്ങനെയൊരു ചെലവു നടത്തിയത് പ്രായോഗികമായിരുന്നില്ല. പ്രളയാനന്തര പ്രവർത്തനത്തിന്റെ ഭാഗമായി ക്ലീൻ കേരള മിഷൻ, ഗ്രാമപഞ്ചായത്ത് ശേഖരിച്ച പ്ലാസ്റ്റിക് വാങ്ങുവാൻ തയ്യാറായതിനാൽ മാത്രം ഗ്രാമപഞ്ചായത്ത് വലിയൊരു ബാധ്യതയിൽ നിന്ന് രക്ഷപ്പെടുകയായിരുന്നു. വരും വർഷങ്ങളിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ യൂസർ ഫീ ഈടാക്കി സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിച്ച് കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും സർക്കാർ ഉദ്ദേശിക്കുന്ന ഫലപ്രാപ്തിയിലേക്ക് സംരംഭത്തെ എത്തിക്കേണ്ടതാണ്.

## 3-14 ക്ഷേമപെൻഷനുകൾ സംബന്ധിച്ച് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ കൂടുതൽ കാര്യക്ഷമമാകണം.

വിവിധ പെൻഷൻ അപേക്ഷകൾ ലഭിക്കുന്ന തീയതി,പരിശോധനാ ഉദ്യോഗസ്ഥന് കൈമാറുന്ന തീയതി, തിരികെ നൽകുന്ന തീയതി, അംഗീകരിക്കുന്ന/നിരസിക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ അപേക്ഷകളുടെ സമയബന്ധിതമായ തീർപ്പ് പരിശോധിക്കുന്നതിന് ആവശ്യമാണെങ്കിലും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ക്ഷേമകാര്യ കമ്മറ്റിക്കു മുമ്പിലെത്തിയ നടപടിക്രമങ്ങൾ പൂർത്തിയായ അപേക്ഷകൾ അംഗീകരിച്ചു നൽകുന്നതല്ലാതെ ലഭിക്കുന്ന അപേക്ഷകളുടെ തീർപ്പ് സംബന്ധിച്ച സമതി ചർച്ചചെയ്തതായി കാണുന്നില്ല.

പ്രാഥമിക സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പെൻഷനുകളുടെ വിവരം മോണിറ്റർ ചെയ്യുന്നതിനായി സംഘങ്ങളും തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികളും ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ച് പെൻഷൻ വിതരണം മോണിറ്റർ ചെയ്യേണ്ടതാണെങ്കിലും ഇപ്രകാരമൊരു കമ്മറ്റി രൂപീകരിച്ച് തുടർ പരിശോധന നടത്തുന്നില്ല. സേവനാവാകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ അപേക്ഷകൾ തീർപ്പാക്കുന്നു എന്ന് സെക്ഷൻ ചുമതലയുള്ള ജീവനക്കാരനും, സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥരും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പുവരുത്തേണ്ടതാണ്

## 3-15 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അവലോകനം.

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് IX-ാം വാർഡിൽ ശ്രീ. സുധി, കണ്ടത്തിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 52 എ നമ്പർ കെട്ടിടത്തിലാണ് 26.02.2016 ൽ ആരംഭിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നത്.

*കെട്ടിടം*

രേഖകൾ പരിശോധിച്ചതിൽ വിവിധ പ്രായത്തിൽപ്പെട്ട 15 സ്ഥിരം അന്തേവാസികളും 8 താൽക്കാലിക അന്തേവാസികളും ഉൾപ്പെടെ ആകെ ഇരുപത്തിമൂന്ന് പേരാണ് സ്ഥാപനത്തിലുള്ളത്. നിലവിലുള്ള കെട്ടിടം 23 അന്തേവാസികൾക്ക് താമസത്തിന് അപര്യാപ്തമാണ്. വാടകയ്ക്ക് എടുത്ത കെട്ടിടത്തിന്റെ മുഴുവൻ സ്ഥലവും റീഹാബിലിറ്റേഷൻ സെന്ററിന്റെ ആവശ്യത്തിലേക്ക് മാത്രം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ടി കെട്ടിടത്തിൽ തന്നെയാണ് കെട്ടിട ഉടമയും കുടുംബവും താമസിക്കുന്നത്. അന്തേവാസികൾക്ക് നിലവിൽ സുഖകരമായി സ്ഥാപനത്തിലേക്ക് എത്തിപ്പെടാൻ വാഹനം കയറുന്നതിനുള്ള സൗകര്യമില്ല. വില്ലേജ് ഓഫീസിൽ നിന്ന് ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് കിട്ടാത്തതിനാൽ കെട്ടിടത്തിന്റെ വാടക ഇനത്തിൽ തുകയൊന്നും കെട്ടിട ഉടമയ്ക്ക് നൽകിയിട്ടില്ല.

*വാഹനം*

അന്തേവാസികളിൽ കൂടുതൽ പേരും വിവിധ വാർഡുകളിലുള്ളവരാണ്. സ്ഥാപനത്തിന് സ്വന്തമായി വാഹനം ഇല്ലാത്തതിനാൽ വാഹനം വാടകയ്ക്ക് എടുത്താണ് അന്തേവാസികളെ സ്ഥാപനത്തിലേക്ക് എത്തിക്കുന്നത്. പ്രസ്തുത വർഷം കുടുംബശ്രീ അക്കൗണ്ടിൽ നിന്നാണ് വാഹന വാടക നൽകി പോന്നത്.

*ഫണ്ട്*

2016-17 ൽ ബഡ്സ് റീഹാബിലിറ്റേഷൻ പദ്ധതി (S0149/18) പ്രകാരം ആകെ ചെലവഴിച്ച 364141/- രൂപയിൽ 305162/- രൂപയും കെയർ ടേക്കർ, ആയ എന്നിവർക്കുള്ള വേതനം ഫർണീച്ചർ, സ്റ്റേഷനറി എന്നിവയ്ക്കായും ഭക്ഷ്യവസ്തുക്കൾക്കായി 58979/- രൂപയും ചെലവഴിച്ചു. ബ്ലോക്ക് പഞ്ചായത്ത് തൻവർഷം 523640/- രൂപ വകയിരുത്തിയിരുന്നെങ്കിലും ടി തുക ചെലവഴിച്ചിട്ടില്ല.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ കാര്യക്ഷമമായ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. രേഖകൾ പരിശോധിച്ചതിൽ റീഹാബിലിറ്റേഷൻ സെന്ററിന് സ്ഥലം കണ്ടെത്തുന്ന പ്രവർത്തനങ്ങളും കെട്ടിട നിർമ്മാണത്തിത്തിനാവശ്യമായ ഫണ്ടും നീക്കിവെച്ചതായി കാണുന്നു. അതിന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കി അനുയോജ്യമായ കെട്ടിടം അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്. ഇതിന് കാലതാമസം നേരിടുന്നപക്ഷം ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയ വാടക കെട്ടിടം കണ്ടെത്തേണ്ടതും അതിലേക്ക് സെന്റർ പ്രവർത്തനം മാറ്റേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് – കുടുംബശ്രീ – ബഡ്സ് ബിആർസി സ്ഥാപനങ്ങളുടെ നിലവിലെ മാർഗ്ഗരേഖകൾക്കൊപ്പം സ.ഉ (എംഎസ്) നം. 20/2018/തസ്വഭവ, തീയതി - 07.02.2018 ൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുവേണം സ്ഥാപനം പ്രവർത്തിക്കേണ്ടത്.

## 3-16 അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ അവലോകനം

കെട്ടിടം

തൃക്കുന്നപ്പുഴ പഞ്ചായത്ത് പരിധിയിൽ 30 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 10 എണ്ണം സ്വന്തം കെട്ടിടത്തിലും 20 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കുടിവെള്ള സൗകര്യം, വൈദ്യുതി ലഭ്യത

അങ്കണവാടികളിൽ 17 എണ്ണം വൈദ്യുതി കണക്ഷൻ ലഭിക്കാത്തവയും 9 അങ്കണവാടികൾ കുടിവെള്ള സൗകര്യം ഇല്ലാത്തവയുമാണ്.

ടോയ്‌ലെറ്റ് സൗകര്യം

30 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യം ലഭ്യമാണ്. ഇതിൽ ഒന്നിനും ബേബി ഫ്രണ്ടിലി ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്തവയാണ്.

ചുറ്റുമതിൽ

സ്വന്തമായി കെട്ടിടമുള്ളവ ഉൾപ്പെടെ 18 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ലാത്തവയാണ്.

ഗ്യാസ് കണക്ഷൻ

30 അങ്കണവാടികൾക്കും ഗ്യാസ് കണക്ഷൻ ലഭ്യമാണ്. ഒരു സിലിണ്ടറാണ് നിലവിൽ എല്ലാ അങ്കണവാടികൾക്കും ഉള്ളത്.

ഫർണീച്ചർ, കളി ഉപകരണങ്ങൾ.

അങ്കണവാടികൾക്ക് ആവശ്യമായ ഫർണ്ണീച്ചർ, കളിയുപകരണങ്ങൾ തുടങ്ങിയവ എല്ലാ അങ്കണവാടികളിലും സജ്ജീകരിച്ചിട്ടുണ്ട്.

ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്

2017-18 വർഷം 25 അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. അഞ്ച് അംഗൻവാടികൾ ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു എന്നത് അനുവദനീയമല്ല. സ്വന്തമായി സ്ഥലം ലഭ്യമായി കെട്ടിടം നിർമ്മിക്കുന്നതുവരെ ഫിറ്റ്നെസ് ഇല്ലാത്ത അംഗനവാടികളെ പഞ്ചായത്തിന്റെ ഒഴിഞ്ഞുകിടക്കുന്ന മറ്റേതെങ്കിലും കെട്ടിടത്തിലേക്കോ സൗകര്യമുള്ള സ്കൂളുകളോ, സുരക്ഷിതമായ വാടക കെട്ടിടത്തിലേക്കോ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 വിനിയോഗ രേഖ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - S0207/18

ബിൽ നം. - 15/17-18, തീ. 7.3.18, 500000/-രൂ

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. (S0207/18) പ്രകാരം പ്രീ എക്സാമിനേഷൻ ട്രയിനിംഗ് സെന്ററിന് പഞ്ചായത്ത് വിഹിതം നൽകുന്നതിനായി 500000/- രൂപ മേൽ ബിൽ പ്രകാരം സെക്രട്ടറി ആലപ്പുഴ ജില്ലാ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗ രേഖ ഹാജരാക്കിയിട്ടില്ല. വിനിയോഗ രേഖ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 7/24.12.2018 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗരേഖ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുള്ളതാണെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ ഇതിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-18. സംയുക്തപ്രോജക്ടുകൾക്കുള്ള അക്കൗണ്ട് -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗത്തിനായി ട്രഷറിയിൽ ഒരു പ്രത്യേക റ്റി.എസ്സ്.ബി. അക്കൗണ്ട് വഴി തുടങ്ങുന്നതിനും സംയുക്ത പ്രോജക്ടുകൾക്കുള്ള തുക മാത്രം ഈ അക്കൌണ്ടിൽ നിക്ഷേപിക്കാവൂ എന്നും സ.ഉ (പി) നം. 7/17 ധന, തീയതി- 23.01.2017 പ്രകാരം നിർദ്ദേശിച്ചിരുന്നു. ഫെബ്രുവരിക്കകം തുക ചെലവഴിക്കാൻ സാധിച്ചില്ല എങ്കിൽ ഫെബ്രുവരി 28 ന തുക മടക്കിനൽകാനും, മാർച്ച് അവസാനം ചെലവഴിക്കാത്ത തുക എന്തെങ്കിലും അക്കൌണ്ടിൽ നിൽക്കുന്നുണ്ടെങ്കിൽ സർക്കാരിലേക്ക് തിരിച്ചടക്കുവാനും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പഞ്ചായത്തിന്റെ അക്കൌണ്ട് പരിപാലനം ക്രമ പ്രകാരമല്ല. വർഷാവസാനം ബാങ്ക് ബുക്ക് പ്രകാരം ഈ അക്കൌണ്ടിൽ 1400140/- രൂപ ബാക്കി നിന്നിരുന്നു. ബഡ്സ് സ്കൂളിനായി ബ്ലോക്ക് നൽകിയ 5,00,000/- രൂപയും 9,00,000/- രൂപ കുടുംബശ്രീ ഫണ്ടും, പാലിയേറ്റീവ് കെയറിനുള്ള ബ്ലോക്ക് വിഹിതം ഇനത്തിൽ ചെലവാക്കാൻ അവശേഷിച്ച് 140/- രൂപയും ആണ്. ഈ തുക സർക്കാറിന്റെ ഫണ്ടിലേക്ക് തിരിച്ച് എടുത്തിരുന്നതിനാൽ 31-3-2018ൽ നീക്കിയിരിപ്പ് 0 ആണ്. എന്നാൽ ഈ തുക 07.04.2018 ൽ തിരിച്ചുകിട്ടിയിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്കായുള്ള തുകയുടെ വിനിയോഗം സർക്കാർ നിർദ്ദേശപ്രകാരം നിർവ്വഹിക്കുവാൻ വേണ്ട ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം. | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പാലിയേറ്റീവ് കെയർ | 299860 | 140 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | ബഡ്സ്സ്കൂൾ. | | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ശാരിരികമാനസിക വെല്ലുവിളികൾ | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 125000 | ശാരിരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | ജില്ലാ സഹകരണ ബാങ്ക് അക്കൌണ്ടിലാണ് ക്രഡിറ്റ് വന്നത്. |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 959440 | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ. | 959440 | - |
| ജില്ലാ പഞ്ചായത്ത് | 2016-2017 | 187040 | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ. | 187040 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെലവ് തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വാർഡ് 9ൽ കുടിവെള്ള വിതരണ പമ്പ് ഹൌസ് നിർമ്മാണം. | 27.01.2018 | 404000 | - | 404000 |
| ഇലക്ട്രിസിറ്റി ബോർഡ്, ആറാട്ടുപുഴ | വാർഡ് 7ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-18,<br>21-3-18<br>ch.no. 1193292 dt. 12-3-2018 | 60712<br>68835<br>60712 | - | 190259 |
| ഇലക്ട്രിസിറ്റി ബോർഡ്, കാർത്തികപ്പള്ളി | വാർഡ് 13ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-18<br>12.03.2018 | 130250<br>130250 | | 260500 |
| ഇലക്ട്രിസിറ്റി ബോർഡ്, കാർത്തികപ്പള്ളി | വാർഡ് 5ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-2018<br>12.03.18 | 199975<br>199975 | | 399950 |

| | | | | | |
|---|---|---|---|---|---|
| ഇലക്ട്രിസിറ്റി ബോർഡ്, കാർത്തികപ്പള്ളി | വാർഡ് 12ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-18<br>06.03.18 | 68275<br>68275 | | 136550 |
| ഇലക്ട്രിസിറ്റി ബോർഡ്, 2.കരുവാറ്റ. | വാർഡ് 2ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-2018<br>06.03.18 | 325000<br>325000 | | 650000 |
| ഇലക്ട്രിസിറ്റി ബോർഡ്, ആറാട്ടുപുഴ. | വാർഡ് 10 ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27-1-18<br>06.03.18 | 49794<br>49754 | | 99587 |
| ഇലക്ട്രിസിറ്റി ബോർഡ്, അമ്പലപ്പുഴ. | വാർഡ് 16 ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27.01.2018<br>06.03.18 | 126509<br>125435 | | 251944 |
| ഇലക്ട്രിസിറ്റി ബോർഡ്, ആറാട്ടുപുഴ. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 28-3-208 | 431701 | | 662701 |
| ഇലക്ട്രിസിറ്റി ബോർഡ്, കാർത്തികപ്പള്ളി | | 28-3-18 | 231000 | | |
| ഇലക്ട്രിസിറ്റി ബോർഡ്, 2.കരുവാറ്റ. | വാർഡ് 2ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 15.01.18 | 187040 | | 187040 |
| ഇലക്ട്രിസിറ്റി ബോർഡ്, ആറാട്ടുപുഴ. | തെരുവു വിളക്ക് ട്രാൻസ്ഫോർമറുകളിൽ മീറ്റർ സ്ഥാപിക്കൽ. | 17-3-18 | 121672 | - | 121672 |
| ഇലക്ട്രിസിറ്റി ബോർഡ്, അമ്പലപ്പുഴ. | 135 നമ്പർ അംഗൻവാടിക്കു മുകളിൽ ക്കൂടി പോകുന്ന ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ. | 18-8-2017 | 10000 | - | 10000 |
| ആകെ. | | | | | 3374203 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് .

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-8 ചാർജ്ജ് / സർചാർജ് നടപടി വഴി ഈടാക്കിയ തുക

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66090514 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65873568 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 11849 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6220794 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 11849 | ശ്രീ. രാജൻ, അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 3374203 | ശ്രീ. സലിൽ. എ. സോണി, സെക്രട്ടറി<br>ശ്രീമതി. സബീന, സെക്രട്ടറി |
| 3-7 | 5,90,000 | ശ്രീ. സലിൽ. എ. സോണി, സെക്രട്ടറി. |
| 3-9 | 256591 | ശ്രീമതി. ശ്രീകല, മെഡിക്കൽ ഓഫീസർ, ഫിഷറീസ് ഹോസ്പിറ്റൽ. |

| | | |
|---|---|---|
| 3-12 | 15,00,000 | ശ്രീ. സലിൽ. എ. സോണി, സെക്രട്ടറി. |
| 3-17 | 5,00,000 | ശ്രീ. മണിക്കുട്ടൻ, അസിസ്റ്റന്റ് സെക്രട്ടറി. |
| ആകെ | 62,20,794 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. മണിക്കുട്ടൻ, അസി. സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തൃക്കുന്നപ്പുഴ | നെടിയാത്ത് തറയിൽകടവ്, വലിയഴീക്കൽ. പി. ഒ |
| ശ്രീ. സലിൽ. എ. സോണി, സെക്രട്ടറി | സെക്രട്ടറി, നൂറനാട് ഗ്രാമപഞ്ചായത്ത് | കാർത്തിക, മടവൂർ പാറ, ബാലരാമപുരം, തിരുവനന്തപുരം |
| ശ്രീമതി. സബീന, സെക്രട്ടറി | സെക്രട്ടറി, തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | ആല്ലുംമൂട്ടിൽ സബി മൻസിൽ, ചേരാവള്ളി, കായംകുളം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 to 1999-2000 | എൽ.എഫ്.എ-ജി.എ5.1832/11, തീയതി – 31-1-2012 |
| 2000-01 | എൽ.എഫ്.എ-ജി.എ12./256/05, തീയതി – 18-5-2005 |
| 2001-2002 | എൽ.എഫ്.എ-ജി.എ12./912/06, തീയതി –10-11-06. |
| 2002-03 | എൽ.എഫ്.എ-ജി.എ12/1667/07, തീയതി – 28.07.2008 |
| 2003-04 | എൽ.എഫ്.എ12-1245/09, തീയതി – 12.03.09/18.04.09 |
| 2004-05 | എൽ.എഫ്.എ-പി3-178(1)/12, 05.10.2012/12.10.2012 |
| 2005-06 | എൽ.എഫ്.എ.പി3-178(2)/12, 05.10.2012/12.10.2012 |
| 2006-07 | എൽ.എഫ്.എ.പി3-178(3)/12, 05.10.2012/12.10.2012 |

| | |
|---|---|
| 2007-08 | എൽ.എഫ്.എ-പി3-178(4)/12, 14.03.2013 |
| 2008-09 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5-1577/13, 15.05. |
| 2010-11, 2011-12 | എൽ.എഫ്.എ.പി3-739/13, 02.01.2014/07.02.2014 |
| 2012-13 | എൽ.എഫ്.എ-പി3-131/15, തീയതി. 21.03.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി3-217/16, 15.03.16/26.03.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി3-834/16, 30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി3-1311/16, 21.11.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി3-1323/17, 07.11.2017 |

.
.
.
.
.
..
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

അനുബന്ധം - 1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(67)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 30.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം - 2</u>

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ